പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3617 — 14.03.2017-ൽ മറുപടിയ്ക്ക്

## സ്വകാര്യവ്യക്തികളുടെ സ്വത്ത് വിവരങ്ങൾ

| ചോദ്യം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സ്വകാര്യവ്യക്തികളുടെ സ്വത്തുവിവരങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധി യിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വകാര്യ വ്യക്തികളുടെ ഏതൊക്കെ സ്വത്ത് വിവരങ്ങളാണ് വിവരാവകാശ നിയമ പ്രകാരം ഒരു പൗരന് ആവശ്യപ്പെടാൻ അധികാരമുള്ളത്; വിശദവിവരം നൽകാമോ; | (എ) | വിവരാവകാശ നിയമം 2005-ലെ 2(ജെ) വകുപ്പ് പ്രകാരം 'വിവരാവകാശം' എന്നാൽ ഏതെങ്കിലും പൊതു അധികാരസ്ഥാനത്തിന്റെ സൂക്ഷിപ്പിലും അല്ലെങ്കിൽ നിയന്ത്രണത്തിൻ കീഴിലുള്ളതും ആക്ട് പ്രകാരം പ്രാപ്യമായിട്ടുള്ളതുമായ വിവരങ്ങൾ നേരിൽ കാണുന്നതിനും പരിശോധിക്കുന്നതിനും അവയുടെ പകർപ്പെടുക്കുന്നതിനുമുള്ള അവകാശമാണ്. ഒരു സ്വകാര്യ വ്യക്തിയുടെ സ്വത്ത് വിവരം ഒരു പൊതു അധികാരസ്ഥാനത്തിന്റെ സൂക്ഷിപ്പിലും നിയന്ത്രണ ത്തിലും അഥവാ പൊതു അധികാരസ്ഥാനത്തിന് പ്രാപ്യമായിട്ടുള്ളതും അതിന് വലിയ പൊതു താൽപര്യം (larger public interest) ഉണ്ടെങ്കിൽ ആയത് വെളിപ്പെടുത്താവുന്നതാണ്. സെക്ഷൻ 8(1)(ഡി) പ്രകാരം തക്കതായ അധികാരസ്ഥാനത്തിന് പൊതുജനത്തിന്റെ ഭൂരിപക്ഷ താൽപര്യം അത്തരം വിവരത്തിന്റെ വെളിപ്പെടുത്തൽ ആവശ്യപ്പെടുന്നുവെന്ന് ബോധ്യപ്പെടുന്നുവെങ്കിലല്ലാതെ മൂന്നാം കക്ഷിയുടെ മത്സരാവസ്ഥയ്ക്ക് ദോഷം ചെയ്യാനിടയുള്ള വാണിജ്യ രഹസ്യത്തിന്റെയും വ്യാപാര രഹസ്യത്തിന്റെയും ബൗദ്ധിക സ്വത്തുക്കളും ഉൾപ്പെടെയുള്ള വിവരങ്ങൾ വെളിപ്പെടുത്തലിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് സംസ്ഥാന വിവരാവകാശ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം സർക്കാരിന് നൽകിയിരുന്നോ; എങ്കിൽ ഏത് കേസ്സിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് കമ്മീഷൻ ഇത് സംബന്ധിച്ച് നൽകിയതെന്ന് വ്യക്ത മാക്കുമോ ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ